## കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ ഓഫീസ് നടപടിക്രമങ്ങൾ

## തിരുവനന്തപുരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – വകുപ്പുതല സ്റ്റാറ്റ്യൂട്ടറി പരിശീലനം – ബാച്ച് നമ്പർ 02/2019 – കോവിഡ്-19 – പരിശീലനം താൽകാലികമായി നിർത്തിവയ്ക്കുന്നത് – സംബന്ധിച്ച്.

---

**നമ്പർ. ഡി.കെ.എസ്.എ/3532/2019–എസ്.എസ്–1** **തീയതി: 19.03.2020**

---

പരാമർശം :- പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പിന്റെ 18.03.2020 -ലെ എസ്.എസ്.1/50/2020/ പൊ.ഭ.വ നമ്പർ പരിപത്രം.

## ഉത്തരവ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിച്ച ഓഡിറ്റർമാർക്കു വേണ്ടിയുള്ള 02/2019 നമ്പർ ബാച്ച് സ്റ്റാറ്റ്യൂട്ടറി പരിശീലനം Gulati Institute of Finance and Taxation (GIFT) -ൽ 20.01.2020 മുതൽ നടന്നുവരികയാണ്. എന്നാൽ കോവിഡ്-19 വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ജീവനക്കാർ കൂടിച്ചേരുന്ന പരിപാടികൾ നിർബന്ധമായും ഒഴിവാക്കാൻ പരാമർശത്തിലെ നിർദ്ദേശം (4) പ്രകാരം സർക്കാർ അറിയിപ്പ് നൽകിയിട്ടുണ്ട്. ആയത് പരിഗണിച്ചുകൊണ്ട് 02/2019 നമ്പർ സ്റ്റാറ്റ്യൂട്ടറി പരിശീലന ബാച്ചിന്റെ പരിശീലനം 20.03.2020 അപരാഹ്നം മുതൽ താൽകാലികമായി നിർത്തിവച്ചുകൊണ്ട് ഉത്തരവാകുന്നു.

പ്രസ്തുത ബാച്ചിലെ പരിശീലനാർത്ഥികൾ അവരവരുടെ ഓഫീസുകളിലേയ്ക്ക് ഉടൻതന്നെ തിരികെപ്പോകേണ്ടതും ഓഫീസ് മേധാവികൾക്ക് മുന്നിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. സർക്കാരിൽ നിന്നും തുടർനിർദ്ദേശങ്ങൾ ലഭിയ്ക്കുന്നതിനനുസരിച്ച് പരിശീലനം പുനഃരാരംഭിയ്ക്കുന്നതാണെന്നും അറിയിക്കുന്നു.

(ഒപ്പ്)

ഡയറക്ടർ

**ഉത്തരവിൻ പ്രകാരം,**

Jayachandran

**ഓഡിറ്റ് ഓഫീസർ**

**സ്വീകർത്താവ്**

പരിശീലനാർത്ഥികൾ

**പകർപ്പ് :**

1) ജോയിന്റ് ഡയറക്ടർ (1), (2), (3), (4)
2) സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ് സെന്റർ)
3) ഡെപ്യൂട്ടി ഡയറക്ടർ
4) എസ്റ്റാബ്ലിഷ്മെന്റ് 1,2,3 സെക്ഷൻ
5) ബന്ധപ്പെട്ട സബ് ഓഫീസുകൾ
6) ഓഫീസ് കോപ്പി